# വിനാശകരമായ നയങ്ങൾക്കെതിരെ കർഷകർ

പാലക്കാട്: നവംബർ 2ന് പാലക്കാട് നഗരം അസാധാരണമായ കർഷക കൂട്ടായ്മക്ക് വേദിയായി. ദേശീയ കർഷക സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നിരവധി കർഷക സംഘടനകൾ കൂട്ടായി വിനാശകരമായ നയങ്ങൾക്കെതിരെ പ്രകടനവും സിവിൽ സ്റ്റേഷനു മുന്നിൽ ധർണ്ണയും നടത്തി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെ കർഷക പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് എത്തിയ സ്ത്രീകളും കുട്ടികളും ഇന്ത്യൻ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ ഗൗരവം തെളിയിക്കുന്ന വിശദീകരണങ്ങൾ നടത്തി.

മുൻസിപ്പൽ ബസ്സ്റ്റാന്റിൽ നിന്ന് ആരംഭിച്ച പ്രകടനം മധ്യപ്രദേശിലും മറ്റ് സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഏകത പരിഷത്തിന്റെ നേതാവും മലയാളിയുമായ രാജഗോപാൽ ഉദ്ഘാടനം ചെയ്തു. വികലമായ സർക്കാർ നയങ്ങൾ കർഷകരെ എങ്ങനെ കടക്കെണിയിൽ കുടുക്കിയെന്ന് അദ്ദേഹം വിശദീകരിച്ചു. പ്രകടനത്തിനു ശേഷം സിവിൽ സ്റ്റേഷനു മുന്നിൽ ധർണ്ണ നടന്നു. ധർണ്ണയെ അഭിസംബോധന ചെയ്തുകൊണ്ട് നിരവധി കർഷകസംഘടനകളുടെ പ്രതിനിധികൾ സംസാരിച്ചു. കക്ഷിരാഷ്ട്രീയത്തിനും മറ്റ് വിഭാഗീയതകൾക്കും അതീതമായി ലോകത്ത് ഭൂരിപക്ഷം വരുന്ന കർഷകർ ഒന്നിച്ച് നിന്നാൽ മാത്രമേ ഭൂമിയുടേയും മനുഷ്യന്റേയും സുസ്ഥിരനിലനിൽപ്പ് യാഥാർത്ഥ്യമാകൂ എന്ന് പ്രാസംഗികർ ഊന്നിപ്പറഞ്ഞു.